2009
ജൂൺ 25
വ്യാഴം

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 THURSDAY JUNE 25 , 2009 RAJAB 02, 1430. PAGE 16, ISSUE 3730



എൽ.എം.ആർ.എ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അലി റദി സംസാരിക്കുന്നു



എംബസി പോർട്ടൽ പുറത്തിറക്കുന്ന ചടങ്ങിനെത്തിയ ഇന്ത്യൻ എംബസി ലേബർ ഓഫീസർ കെ.ആർ.എസ്. നായർ, സെക്കൻറ് സെക്രട്ടറി നിർമൽ കെ. ചൗധരി എന്നിവരും മറ്റ് രാജ്യങ്ങളിൽ നിന്നുള്ള എംബസി ഉദ്യോഗസ്ഥരും

# 89 ശതമാനത്തിനും തൊഴിൽ നിയമങ്ങളറിയില്ല; 65 ശതമാനത്തിനും കരാറില്ല: എൽ.എം.ആർ.എ

**കെ.കണ്ണൻ**

മനാമ: ബഹ്റൈനിലേക്ക് തൊഴിൽ തേടിവരുന്നവരിൽ 89 ശതമാനത്തിനും ഇവിടുത്തെ തൊഴിൽ നിയമങ്ങളെക്കുറിച്ച് അറിയില്ലെന്ന് എൽ.എം.ആർ.എ.

65 ശതമാനം പേരും തൊഴിൽ കരാറിൽ ഒപ്പിടാതെയും കരാറിനെക്കുറിച്ച് അറിയാതെയുമാണ് വരുന്നത്. 38 ശതമാനവും സ്പോൺസറിൽ നിന്ന് മാറി വ്യത്യസ്ത സ്ഥാപനങ്ങളിലാണ് തൊഴിലെടുക്കുന്നത്. എൽ.എം.ആർ.എ ആസ്ഥാനത്ത് നടന്ന കൂടിക്കാഴ്ചയിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അലി റദിയാണ് ഇക്കാര്യം വെളിപ്പെടുത്തിയത്.

സാധാരണ നടപടിക്രമം വഴി, പണവും മറ്റും നൽകാതെ എത്തുന്നവരുടെ എണ്ണം 30 ശതമാനം മാത്രമാണ്. ബാക്കിയുള്ളവർ ഇടനിലക്കാർ മുഖേനയാണ് എത്തുന്നത്. 38ശതമാനവും ഏജൻറുമാർക്കോ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ പണം നൽകിയാണ് വിസ സംഘടിപ്പിക്കുന്നത്. എൽ.എം.ആർ.എ തുടങ്ങുന്നതിനുമുമ്പ്, 2007ൽ എൽ.എം.ആർ.എയും ഒരു കൺസൾട്ടൻസി സ്ഥാപനവും ചേർന്ന് നടത്തിയ സർവേയിലാണ് ഇക്കാര്യങ്ങൾ കണ്ടെത്തിയത്. രണ്ടുവർഷം കഴിഞ്ഞിട്ടും ഇതേ അവസ്ഥ തുടരുകയാണെന്ന് അലി റദി പറഞ്ഞു.

തൊഴിൽ വിപണി പരിഷ്കരണത്തിനുമുന്നോടിയായി കഴിഞ്ഞ വർഷം ജൂലായ് ഒന്നിനാണ് എൽ.എം.ആർ.എ നിലവിൽ വന്നത്. അതിന് മുന്നൊരുക്കമായായിരുന്നു സർവേ. എൽ.എം.ആർ.എ നിലവിൽ വന്ന ശേഷം സർവേ നടത്തിയിട്ടില്ല.

ഇന്ത്യക്കാരാണ് വിദേശികളിൽ ഏറ്റവും കൂടുതൽ, രണ്ടാമത് പാക്കിസ്ഥാനികൾ. ബംഗ്ലാദേശികളും ഫിലിപ്പീൻസുമാണ് മൂന്നും നാലും സ്ഥാനത്ത്.

'ഗൾഫ് മാധ്യമം' പ്രസിദ്ധീകരിക്കുന്ന 'വിയർപ്പിൻെറ വില' എന്ന പരമ്പരയിലെ നിഗമനങ്ങൾ ശരിവക്കുന്നതാണ് അലി റദി നടത്തിയ വെളിപ്പെടുത്തലുകൾ. തൊഴിലുടമയും തൊഴിലാളിയും തമ്മിൽ നേരിട്ട് ഒപ്പിടേണ്ട തൊഴിൽ കരാറിനെക്കുറിച്ച അഞ്ജത മൂലം ഏജൻറുമാർ പറയുന്നതെല്ലാം അപ്പടി വിശ്വസിച്ച് എത്തുന്നവരാണ് ഏറെയും എന്ന് 'വിയർപ്പിൻെറ വില' യോട് പ്രതികരിച്ച സാമൂഹിക പ്രവർത്തകർ ചൂണ്ടിക്കാട്ടിയിരുന്നു. തൊഴിലുടമ വാഗ്ദാനം ചെയ്യാത്ത ഉറപ്പുകളായിരിക്കും ഏജൻറുമാർ നൽകുന്നത്.

ഇത് തൊഴിലുടമയും തൊഴിലാളിയും തമ്മിലുള്ള സംഘർഷത്തിനും തൊഴിലാളിയുടെ ഓടിപ്പോകലിനും ഇടയാക്കുന്നു. 'നിയമവിരുദ്ധ'തൊഴിലാളികളിലേറെയും ഇത്തരം സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്ന് സാമൂഹിക പ്രവർത്തകർ ചൂണ്ടിക്കാട്ടിയിരുന്നു.

അടിസ്ഥാന തൊഴിൽ പരിശീലനമില്ലാത്തതിൻെറ പ്രശ്നവും പരമ്പര ചർച്ച ചെയ്തു. വെൽഡർ ജോലി അറിയാത്ത ആൾക്ക് ലേബറായി ജോലി ചെയ്യേണ്ടിവരും. ഏജൻറിന് വൻതുക കൊടുത്ത് വന്ന ഇയാൾക്ക് തുച്ഛമായ ശമ്പളത്തിന് ലേബറായി തുടരാനാകാതെ വരുന്നു.

നാട്ടിലെ യോഗ്യത, ഇവിടുത്തെ തൊഴിലിൻെറ മാനദണ്ഡവും അവസ്ഥകളുമായി യോജിക്കുന്നതായിരിക്കില്ലെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു. തൊഴിൽ പരിശീലനത്തിൻെറ അഭാവമാണ് തൊഴിലന്തരീക്ഷം ഇത്ര കലുഷിതമാക്കുന്നത്.

ഉദാരവത്കരണത്തിൻെറ ഭാഗമായി ഇന്ത്യയിൽ നിയമങ്ങൾ കൂടുതൽ ഉദാരമാക്കിയത് പ്രശ്നം രൂക്ഷമാക്കിയിട്ടുണ്ട്. റിക്രൂട്ടിംഗ് ഏജൻറുമാർ മുമ്പ് ഗ്യാരണ്ടി കെട്ടിവെക്കണമായിരുന്നു. ഇത് തൊഴിലാളിക്ക് ചൂഷണത്തിൽ നിന്ന് സംരക്ഷണം നൽകിയിരുന്നു. തൊഴിൽ കരാർ എംബസി അറ്റസ്റ്റ് ചെയ്യണമെന്ന വ്യവസ്ഥ, എംബസിക്ക് ഇവിടത്തെ കമ്പനിയെക്കുറിച്ച് അറിയാൻ അവസരം നൽകിയിരുന്നു. മുമ്പ് വീട്ടുജോലിക്കാർക്കും ഡ്രൈവർമാർക്കും കരാർ ബാധകമായിരുന്നു. ഇതെല്ലാം പിന്നീട് നീക്കി.

തൊഴിലാളികൾക്ക് അനുകൂലമായ നിയമങ്ങളും എൽ.എം.ആർ.എ പോലുള്ള സുതാര്യമായ നടപടിക്രമങ്ങളും വന്നിട്ടും, ഇത്തരം നവീകരണശ്രമങ്ങൾ പൂർണ ഫലപ്രാപ്തിയിലെത്താത്തതിന് തൊഴിലാളികളുടെ അറിവില്ലായ്മ പ്രധാന പങ്ക് വഹിക്കുന്നതായി അധികൃതർ ചൂണ്ടിക്കാട്ടുന്നു. 500 ദിനാർ ശമ്പളം വാങ്ങുന്ന ഒരാൾപോലും തൊഴിൽ കരാറിനെക്കുറിച്ചോ നിയമങ്ങളെക്കുറിച്ചോ മാത്രമല്ല, സ്പോൺസർഷിപ്പ്, വിസ, റസിഡൻഷ്യൽ സ്റ്റാറ്റസ് എന്നീ അടിസ്ഥാന കാര്യങ്ങൾ പോലും അറിയാതെയാണ് ജോലിയെടുക്കുന്നത്.

വിസയുടെ നിയമസാധുത അറിയാൻ, നാട്ടിൽ വച്ചുതന്നെ എൽ.എം.ആർ.എ വെബ്സൈറ്റ് പരിശോധിക്കണമെന്ന പ്രാഥമിക നിർദേശം പലതവണ ആവർത്തിക്കപ്പെട്ടിട്ടും ഭൂരിപക്ഷവും ഇപ്പോഴും ഏജൻറുമാരുടെയും ഇടനിലക്കാരുടെയും നിർദേശങ്ങൾക്കാണ് കാതോർക്കുന്നത്. ഈ അവസ്ഥയിലാണ്, ജോലി തേടിയെത്തുന്നവരെ കൂടുതൽ ബോധവത്കരിക്കാനുള്ള ശ്രമത്തിൽ എംബസികളെ കൂടി എൽ.എം.ആർ.എ പങ്കാളികളാക്കുന്നത്.